"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - അയ്യൻകാളി നഗര തൊഴിലുറപ്പ് പദ്ധതിയ്ക്ക് കീഴിൽ കരാർ അടിസ്ഥാനത്തിൽ ഐ.ടി.ഓഫിസറെ നിയമിക്കാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്**

G.O.(Rt) No.1968/2021/LSGD തീയതി,തിരുവനന്തപുരം, 11/10/2021

---

പരാമർശം:-

1. 08.03.17-ലെ അയ്യങ്കാളി നഗര തൊഴിലുറപ്പ് തൊഴിലുറപ്പ് പദ്ധതി സംസ്ഥാന തൊഴിലുറപ്പ് കൗൺസിൽ യോഗ തീരുമാനം
2. സ.ഉ.(പി) നം.28/2016/ധന തീയതി 26.02.2016
3 സ.ഉ.(പി) നം.56/2017/ധന തീയതി 28.04.2017
4 സ.ഉ.(പി) നം.112/2017/ധന തീയതി 21.07.2018
5 സ.ഉ.(പി) നം.81/2019/ധന തീയതി 09.07.2019
6. സ.ഉ.(പി) നം.29/2021/ധന തീയതി 11.02.2021
7 14.05.2021-ലെ ഡിപ്പാർട്ട്മെന്റൽ വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ 1-ാം നമ്പർ തീരുമാനം
8 24.06.2021-ലെ അയ്യങ്കാളി നഗര തൊഴിലുറപ്പ് തൊഴിലുറപ്പ് പദ്ധതി സംസ്ഥാന തൊഴിലുറപ്പ് കൗൺസിൽ യോഗ തീരുമാനം നം.12
9 നഗരകാര്യ ഡയറക്ടറുടെ 27.06.2021 ലെ ഡി.സി.3-7083/2017 നമ്പർ കത്ത്

**ഉത്തരവ്**

അയ്യൻകാളി നഗര തൊഴിലുറപ്പ് പദ്ധതിയുടെ 13-ാമത് സംസ്ഥാന തൊഴിലുറപ്പ് കൗൺസിൽ യോഗതീരുമാന പ്രകാരം പദ്ധതിയുടെ നടത്തിപ്പിനായി നഗരകാര്യ ഡയറക്ടറേറ്റിൽ ഒരു സെൽ രൂപീകരിക്കുകയും ടി സെല്ലിൽ ഒരു ഐ.ടി ഓഫീസറെ കരാർ അടിസ്ഥാനത്തിൽ നിയമിക്കാൻ അനുമതി നൽകുകയും ചെയ്തിരുന്നു. കരാർ പുതുക്കാനുള്ള കാലാകാലമുള്ള സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ സേവനമനുഷ്ഠിച്ച വന്ന ഐ.ടി.ഓഫിസർ, ജോലിയിൽ നിന്നും വിടുതൽ വാങ്ങിയ സാഹചര്യത്തിൽ പുതിയ ഐ.ടി.ഓഫിസറെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കാൻ പരാമർശം (8) പ്രകാരം തൊഴിലുറപ്പ് കൗൺസിൽ ശിപാർശ ചെയ്യുകയും പരാമർശം (9) പ്രകാരം നഗര കാര്യ ഡയറക്ടർ സർക്കാരിന് കത്ത് നൽകുകയുമുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച മേൽ സൂചിപ്പിച്ച സാഹചര്യത്തിൽ നഗരകാര്യ ഡയറക്ടറേറ്റിലെ അയ്യൻകാളി നഗര തൊഴിലുറപ്പ് പദ്ധതി സെല്ലിൽ ബിടെക്ക് (കമ്പ്യൂട്ടർ സയൻസ്), ബിടെക് (ഐ.ടി) അല്ലെങ്കിൽ എം.സി.എ/എം.എസ്.സി (കമ്പ്യൂട്ടർ സയൻസ്) ബിരുദവും അഞ്ച് വർഷ പ്രവൃത്തി പരിചയവും കുറഞ്ഞ യോഗ്യത ഉള്ള ഒരു ഐ.ടി ഓഫീസറെ ഒരു വർഷത്തേക്ക് കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു. ടി നിയമനം

ദിവസ/കരാർ വേതന ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ ഉൾക്കൊള്ളുന്ന പരാമർശം (2) മുതൽ (6) വരെയുള്ള ഉത്തരവുകൾക്ക് വിധേയമായിരിക്കും. ടി തസ്തികയ്ക്ക് പരാമർശം (6) ഉത്തരവിലെ കാറ്റഗറി IX-ന് അനുവദിച്ചിരിക്കുന്ന പ്രതിമാസ കരാർ വേതനമായ 32,560/- രൂപ ശമ്പളമായി അനുവദിക്കാവുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
Shija C G
Deputy Secretary

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്),തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ),തിരുവനന്തപുരം
ധനകാര്യ വകുപ്പ് (ഡവ.1/154/2021/ധന തീയതി 28.09.2021
ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം
വെബ് & ന്യൂ മീഡിയ (ഐ & പി.ആർ.ഡി)
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signed by Nisam N
Date: 11-10-2021 13:02:30
Reason: Approved
സെക്ഷൻ ഓഫീസർ

പകർപ്പ്:
ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ബഹു:തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്